## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *14 03.02.2020 ൽ മറുപടിക്ക്

## പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള കേസ്

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പൗരത്വ ഭേദഗതി നിയമം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് 31-12-2019-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കിയതിനെ വിമർശിച്ച് സംസ്ഥാന ഭരണ തലവൻ മുന്നോട്ട് വന്നിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഇക്കാര്യത്തിൽ സർക്കാരിന് രേഖാമൂലം അറിയിപ്പൊന്നും ലഭിച്ചതായി കാണുന്നില്ല. |
| (ബി) | ഇക്കാര്യത്തിലുള്ള സർക്കാർ നിലപാടും അതൃപ്തിയും സംസ്ഥാന ഭരണത്തലവനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ എന്ന് വെളിപ്പെടുത്താമോ; | (ബി) | ഇല്ല. |
| (സി) | ഈ നിയമത്തിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് മുമ്പ് സംസ്ഥാന ഭരണ തലവനെ അറിയിക്കണമെന്ന വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ റൂൾസ് ഓഫ് ബിസിനസ്സിലെ നിബന്ധന പാലിക്കുന്നതിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഇത് സംബന്ധിച്ച് സംസ്ഥാന ഭരണ തലവൻ ചീഫ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് വിശദീകരണമാണ് സർക്കാർ ഇക്കാര്യത്തിൽ നൽകിയത് എന്ന് വെളിപ്പെടുത്താമോ? | (ഇ) | റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരുകൾക്കുള്ള ഭരണഘടനാപരമായ അവകാശമായ അനുച്ഛേദം 131 അനുസരിച്ചാണ് പൗരത്വഭേദഗതി നിയമത്തിന്റെ ഭരണഘടന സാധുത ആരാഞ്ഞുകൊണ്ട് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചതെന്നും |

| | | | |
|---|---|---|---|
| | | | ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ബന്ധത്തെ ബാധിക്കുന്ന ഉത്തരവുകളൊന്നും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം സംസ്ഥാന ഗവർണ്ണർക്ക് മുൻകൂട്ടി അറിയിപ്പ് നൽകേണ്ട വിഷയങ്ങളുടെ ഗണത്തിൽ ഈ വിഷയം പെടുന്നതല്ലായെന്നും ബഹു. ഗവർണറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ